University Professors.

414. MR. A. P. UDAYABHANU (*Karunagapalli II—General*): Will the Hon'ble Minister for Education be pleased to state:

(*a*) the pay of Professors for English; and

(*b*) the pay of Professors for oriental languages?

HON'BLE MR. T. M. VARGHESE: (*a*) Rs. 450-50-500.

(*b*) Rs. 350-20-450.

കൃഷി.

415. MISS. ACCAMMA CHERIAN (*Changanacherry I—General*): താഴെ പറയുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പിന്റെ ബഹുമാനപ്പെട്ട മന്ത്രി സദയം മറുപടി പറയുമോ ?

(എ) നെൽകൃഷിക്കായി ഇക്കൊല്ലം എത്ര ഏക്കർ വനം വിട്ട കൊടുത്തിട്ടുണ്ട്? അതു് ഏതെല്ലാം വ്യവസ്ഥകളിലാണു്?

(ബി) ത്രസ്ഥ കൃഷിയിൽ ഏർപ്പെട്ടിട്ടുള്ള കർഷകർക്ക് എന്തെല്ലാം സഹായങ്ങളും ആനുകൂല്യങ്ങളും ഗവണ്മെന്റ് ചെയ്തു കൊടുത്തിട്ടുണ്ട്?

(സി) ഭക്ഷ്യവിഷയത്തിൽ സ്വയം പര്യാപ്തത സിദ്ധിക്കുന്നതിനു വേണ്ടി കൂടുതൽ വനപ്രദേശങ്ങൾ കൃഷിക്കായി വിട്ടുകൊടുക്കുവാൻ ഗവണ്മെന്റു വിചാരിക്കുന്നുവോ?

HON'BLE MR. K. M. KORAH: (എ) [illegible] ഗവണ്മെന്റു് പ്രസ്നോട്ടിൽ വിവരിക്കുന്ന കരാറുകളും ഉപാധികളും അനുസരിച്ചു് [illegible] ഏക്കർ വനപ്രദേശം കൃഷിചെയ്യുന്നതിനു പാട്ടമായി നൽകിയിട്ടുണ്ടു്.

(ബി) പാട്ടക്കാർക്കു നാമമാത്രവിലയിൽ ചെറിയ തടികൾ അവരുടെ ഉത്തമവിശ്വാസമായ ആവശ്യങ്ങൾക്കുവേണ്ടി സംഭരിക്കുന്നതിനും വിചക്രടാതെ പച്ചിലവളം ശേഖരിക്കുന്നതിനും ഉള്ള സകല സൗകര്യങ്ങളും നൽകിയിട്ടുണ്ടു്.

(സി) ഉണ്ടു്.

കുട്ടനാട്ടിലെ വെള്ളപ്പൊക്കം.

416. MR. K. RAMAKRISHNA PILLAI (*Ambalapuha I—General*): താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട മന്ത്രി സദയം മറുപടി നൽകുമോ ?

വർഷംതോറും കുട്ടനാട്ടിൽ ഉണ്ടാകുന്ന വെള്ളപ്പൊക്കം തടയുന്നതിനു് സർക്കാർ ഏതെങ്കിലും പദ്ധതി തയ്യാറാക്കുന്നുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly